(സി) ഇപ്പോൾ ഈ സ്ഥലം സംസ്ഥാന സർക്കാർ ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഡി) ഈ സ്ഥലത്ത് കൈയേറ്റശ്രമം നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) വനംവകുപ്പിന് ഈ ഭൂമി ആവശ്യമില്ലെങ്കിൽ പാട്ടത്തിനുകൊടുക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ കേരള വനംവകുപ്പിന്റെ അധീനതയിൽ തടി ഡിപ്പോകളായി പ്രവർത്തിച്ചിരുന്ന പൊള്ളാച്ചി, ചെങ്കോട്ട, നഞ്ചൻകോട് എന്നീ ഡിപ്പോകൾ വക സ്ഥലം ആണ് വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത്. ഇവയുടെ വിസ്തൃതി താഴെപ്പറയും പ്രകാരമാണ്.

പൊള്ളാച്ചി ഡിപ്പോ (തമിഴ്നാട്)	-	3.20 ഹെക്ടർ
ചെങ്കോട്ട ഡിപ്പോ (തമിഴ്നാട്)	-	5.83 ഹെക്ടർ
നഞ്ചൻകോട് ഡിപ്പോ (കർണ്ണാടക)	-	2.40 ഹെക്ടർ

(സി) പൊള്ളാച്ചി, ചെങ്കോട്ട ഡിപ്പോ വക സ്ഥലം ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുകയാണ്. നഞ്ചൻകോട് ഡിപ്പോയിൽ തടിയിറക്കി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പൊള്ളാച്ചി ഡിപ്പോ വക സ്ഥലത്ത് കയ്യേറ്റശ്രമം നടക്കുന്നതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഇ) പൊള്ളാച്ചി, ചെങ്കോട്ട ഡിപ്പോ വക സ്ഥലം വനം വകുപ്പിന് ആവശ്യമില്ലാത്ത സാഹചര്യത്തിൽ അവ മറ്റേതെങ്കിലും വകുപ്പുകൾക്കോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ പാട്ടത്തിനുകൊടുക്കുകയോ വിൽക്കുകയോ ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.

46 (338) സാമൂഹ്യ വനവൽക്കരണം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണ പദ്ധതിയിൽ 1999-2000 വർഷത്തിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) ഈ പദ്ധതിയിൽ നാടൻ മാവ്, പ്ലാവ്, പുളി എന്നീ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ ഇനം വൃക്ഷതൈകൾ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യവന വൽക്കരണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പാക്കുന്നത്.

1999-2000 വർഷത്തിൽ സാമൂഹ്യവനവൽക്കരണത്തിന് 21 പഞ്ചായ ത്തുകൾക്ക് 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ഉപ യോഗിച്ച് പഞ്ചായത്തുകൾ താഴെപ്പറയുന്ന ജോലികളാണ് ചെയ്യുന്നത്.

1. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രചരണം സംഘടിപ്പിക്കുക.

2. ചോലമരങ്ങളും സ്ട്രിപ്പുപ്ലാന്റേഷനുകളും നട്ടുപിടിപ്പിക്കുക, സംര ക്ഷിക്കുക.

3. കാലിത്തീറ്റക്കുള്ള സസ്യങ്ങളും വൃക്ഷങ്ങളും കൃഷി ചെയ്യുക.

4. വിറകിനുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

5. പരിസ്ഥിതി സംബന്ധമായ കാര്യങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.

(ബി)&(സി) പഞ്ചായത്തുകളുടെ തീരുമാനമനുസരിച്ചാണ് സാമൂഹ്യ വനവൽക്കരണം നടത്തുന്നത്. മേൽനോട്ടവും സാങ്കേതിക ഉപദേശങ്ങളു മാണ് വനംവകുപ്പ് നൽകുന്നത്. നാടൻ മാവ്, പ്ലാവ്, പുളി എന്നീ വൃക്ഷങ്ങൾ അവയ്ക്കനുയോജ്യമായ സ്ഥലത്ത് നടുവാനുള്ള ഉപദേശം നൽകുന്നുണ്ട്.

47 (339) വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങ ൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തോട്ടങ്ങളിൽ ഏതെല്ലാം ഇനം വൃക്ഷങ്ങ ളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(സി) വൃക്ഷത്തോട്ടങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങളിൽ കൂടു തൽ ആദായകരമായിട്ടുള്ള ഇനം ഏതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ മൂന്നു വർഷമായി വൃക്ഷത്തോട്ടങ്ങളിൽനിന്നും എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) വൃക്ഷത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അവ കൂടുതൽ ആദായകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly